150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

സൈനിക ക്ഷേമ വകുപ്പ്- കേരള സംസ്ഥാന മിലിട്ടറി ബനവലന്റ് ഫണ്ട് - സ്കീമുകളുടെ വ്യവസ്ഥകളിൽ മാറ്റം വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സൈനിക ക്ഷേമ വകുപ്പ്**

**സ.ഉ(കൈ)നം.29/2019/സൈ.ക്ഷേ.വ തീയതി, തിരുവനന്തപുരം:19.10.2019**

പരാമർശം:- 1. 01.12.2004 ലെ സ.ഉ(എം.എസ്)നം.350/2004/പൊ.ഭ.വ നമ്പർ ഉത്തരവ്.
2. 28.09.2018 ലെ സ.ഉ(കൈ)നം.205/2018/പൊ.ഭ.വ നമ്പർ ഉത്തരവ്.
3. 07.03.2018 ലെ സ.ഉ(കൈ)നം.57/2018/പൊ.ഭ.വ നമ്പർ ഉത്തരവ്.
4. സൈനിക ക്ഷേമ ഡയറക്ടറുടെ 26.08.2019 ലെ ബി-2/6594/2019/DSW നമ്പർ കത്ത്.

## ഉത്തരവ്

04.06.2019 ൽ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ രാജ്യസൈനിക ബോർഡ് യോഗത്തിൽ സ്റ്റേറ്റ് മിലിട്ടറി ബനവലന്റ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കി വരുന്ന വിവിധ സ്കീമുകളുടെ വ്യവസ്ഥകളിൽ മാറ്റം വരുത്തുന്നതിന് തീരുമാനം കൈക്കൊണ്ടിരുന്നു. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സൈനിക ക്ഷേമ ഡയറക്ടർ സൂചന 4 പ്രകാരം സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ വിശദമായി പരിശോധിച്ചു. സ്റ്റേറ്റ് മിലിട്ടറി ബനവലന്റ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കി വരുന്ന രണ്ട് സ്കീമുകളുടെ വ്യവസ്ഥകളിൽ ചുവടെ ചേർക്കും പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പദ്ധതി | നിലവിലുള്ള നിരക്കും ബന്ധപ്പെട്ട സർക്കാർ ഉത്തരവും | 04.06.2019 ലെ രാജ്യ സൈനിക് ബോർഡ് യോഗത്തിന്റെ തീരുമാന പ്രകാരമുള്ള വർദ്ധിപ്പിച്ച നിരക്കും വരുമാന പരിധിയും |
|---|---|---|---|
| 1. | Financial Assistance to the Children of Ex-Servicemen attending SET, NET, JRF, ICWA, | 20,000/- രൂപ ഒറ്റത്തവണ സാമ്പത്തിക സഹായം. | 35,000/- രൂപ ഒറ്റത്തവണ സാമ്പത്തിക സഹായം. |

| | | | |
|---|---|---|---|
| | CA, Civil Service (ചട്ടം 10 എൽ) | വരുമാന പരിധി 4,00,000/- രൂപ<br><br>സ.ഉ(എം.എസ്) നം.205/2018/ പൊ.ഭ.വ തീയതി 28.09.2018. | വരുമാന പരിധി 5,00,000/- രൂപ |
| 2. | Medical after care Grant to AIDS Patients among the Ex-Servicemen / Widows of Ex-Servicemen / Spouse and Dependant Children of Ex-Servicemen. | എയിഡ്സ് രോഗികളായ വിമുക്തഭടന്മാർക്ക് / അവരുടെ വിധവകൾക്ക് / വിമുക്തഭടന്മാരുടെ ഭാര്യ, ആശ്രിതരായ മക്കൾ എന്നിവർക്ക് രോഗബാധിതരാണെങ്കിൽ പ്രതിമാസം 1500/- രൂപ വീതം ആദ്യത്തെ മൂന്നു വർഷത്തേക്ക് സാമ്പത്തിക സഹായം നൽകുന്നു.<br><br>സ.ഉ(എം.എസ്) നം.57 / 2018/ പൊ.ഭ.വ തീയതി 07.03.2018 | പ്രസ്തുത ധനസഹായം ആദ്യത്തെ മൂന്നു വർഷം എന്നത് ആജീവനാന്തം എന്ന് ദീർഘിപ്പിക്കുന്നു. |

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ഹേമ പ്രഭ.ഡി**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ് -

1. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
4. എല്ലാ ജില്ലാ സൈനിക ക്ഷേമ ഓഫീസർമാർക്കും (ഡയറക്ടർ മുഖാന്തിരം)
5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി
6. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ